# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 202: 13/02/2013- ൽ മറുപടിക്ക്

## വ്യാവസായിക വളർച്ചയുടെ പിന്നോക്കാവസ്ഥ

**ചോദ്യം** **ഉത്തരം**

ശ്രീ. പി. ഉബൈദുള്ള :
" കെ. എൻ. എ. ഖാദർ :
" അബ്ദുറഹിമാൻ രണ്ടത്താണി:
" എൻ. എ. നെല്ലിക്കുന്ന്

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വ്യാവസായിക വളർച്ചയ്ക്ക് തടസ്സമുണ്ടാക്കുന്ന ഘടകങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | വ്യാവസായിക വളർച്ചയ്ക്ക് തടസ്സമുണ്ടാക്കുന്ന ഘടകങ്ങൾ ഇവയാണ് :<br>1. വ്യവസായങ്ങൾക്ക് ആവശ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്.<br>2. നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.<br>3. ക്ലിയറൻസുകളും ലൈസൻസുകളും നേടി എടുക്കുന്നതിനുള്ള കാലതാമസവും തടസ്സങ്ങളും.<br>4. ഉത്പാദന രംഗത്ത് ആവശ്യം വേണ്ട തൊഴിലാളികളുടെ ലഭ്യതക്കുറവ്.<br>5. വേണ്ട സമയത്ത് വേണ്ട അളവിലുള്ള ക്രെഡിറ്റ് സൗകര്യത്തിന്റെ അപര്യാപ്തത.<br>6. വിപണന രംഗത്തുള്ള മത്സരങ്ങൾ.<br>7. ചെറുകിട സംരംഭകർ നേരിടുന്ന കിട്ടാക്കടങ്ങൾ.<br>8. ഉൽപ്പന്നങ്ങളുടെ ഗുണമേന്മക്കുറവും ആഗോള മൽസരങ്ങളും.<br>9. ഊർജ്ജ ലഭ്യതയിലെ പോരായ്മകൾ. |

| | | | |
|---|---|---|---|
| | | | 10. ഉത്പാദനം ആരംഭിക്കുവാൻ എടുക്കുന്ന ദീർഘമായ കാലയളവ് തുടങ്ങിയവ.<br>11. വ്യവസായിക വളർച്ചയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത (സ്ഥലം, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സൗകര്യകരമായ ഷെഡ്ഡുകൾ, റോഡുകൾ മുതലായവ)<br>12. അഭ്യസ്ത വിദ്യരായ യുവജനങ്ങളുടെ ഇടയിൽ സംരംഭകത്വത്തിന്റെ അനാകർഷകത.<br>13. അനുയോജ്യമായ പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ നൂതന സാങ്കേതിക വിദ്യയുടെ ദൗർലഭ്യം.<br>14. ചെറുകിട സംരംഭകർക്ക് വായ്പ ലഭ്യതയിലെ കുറവ്, സി/ഡി അനുപാതം കുറവുള്ള സംസ്ഥാനം.<br>15. വിവിധ വ്യാവസായ വികസന ഏജൻസികളും സ്റ്റാറ്റ്യൂട്ടറി റഗുലേറ്ററി ഏജൻസികളും തമ്മിലുള്ള ഐക്യമില്ലായ്മ. |
| (ബി) | അത്തരം തടസ്സങ്ങൾ നീക്കി പിന്നോക്കാവസ്ഥ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രായോഗിക നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ ; | (ബി) | പിന്നോക്കാവസ്ഥ പരിഹരിക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെ കൊടുക്കുന്നു :-<br>1. വ്യവസായ ആവശ്യത്തിനായി അടിസ്ഥാന സൗകര്യമുള്ള ഭൂമി വികസിപ്പിച്ച് നൽകൽ, ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം, ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി തിരിച്ചെടുത്ത് ആവശ്യക്കാർക്ക് നൽകുക തുടങ്ങിയവ.<br>2. നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കൽ- കൺസോർഷ്യം രൂപീകരണം റോ മെറ്റീരിയൽ ബാങ്ക് തുടങ്ങിയവ വഴി. |

| | | | |
|---|---|---|---|
| | | | 3. സംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയവ.<br>4. സ്കിൽ അപ്ഗ്രഡേഷൻ സ്കീമുകളും വാളിറ്റി ഇൻഡസ്ട്രി തൊഴിൽ പരിശീലന പരിപാടികളും തൊഴിൽ നൽകലും.<br>5. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ ഉദാരമാക്കൽ ഹാന്റ് ഹോൾഡിംഗ് സർവ്വീസ് നൽകൽ തുടങ്ങിയവ.<br>6. മൈക്രോസ്മാൾ എന്റർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ പ്രവർത്തനം വഴി സംരംഭകർക്ക് യഥാ സമയം ഉൽപ്പന്നങ്ങൾക്ക് വില ലഭിക്കാൻ സഹായം നൽകൽ.<br>7. വ്യവസായ വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകുന്ന സംവിധാനം, സംരംഭകത്വ സഹായ പദ്ധതിയിൻ കീഴിൽ സബ്സിഡി ഊന്നൽ മേഖലയ്ക്കും, വനിത, പട്ടിക ജാതി പട്ടിക വർഗ്ഗ സംരംഭകർക്കും പിന്നോക്ക മേഖലയ്ക്കും കരകൗശല മേഖലയും പ്രത്യേക ആനുകൂല്യങ്ങൾ, നിയന്ത്രിത അസംസ്കൃത വസ്തുക്കൾ, എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകൽ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വികസനം തുടങ്ങിയവ.<br>8. പാരമ്പര്യേതര ഊർജ്ജ മേഖലയ്ക്ക് മുൻതൂക്കം, ക്യാപ്റ്റീവ് പവർ, ഉൽപാദനത്തിന് പ്രോത്സാഹനം തുടങ്ങിയവ.<br>9. റെഡി റ്റു സ്റ്റാർട്ട് സംവിധാനങ്ങൾ- ഇൻകുബേഷൻ സെന്ററ്റ്സ്, പൂർണ്ണമായി വികസിപ്പിച്ച വ്യവസായ പശ്ചാത്തല സൗകര്യങ്ങൾ വ്യവസായ ഷെഡ്ഡുകൾ, ബഹുനില വ്യവസായ മാളുകൾ തുടങ്ങിയവ.<br>10. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന ഏകജാലക സംവിധാനം വഴി എല്ലാ ക്ലിയറൻസുകളും വ്യവസായികൾക്ക് ലഭ്യമാക്കുക. |

| | | | |
|---|---|---|---|
| | | | 11. സ്ഥല ലഭ്യത പരിഹരിക്കുന്നതിനായി ബഹുനില കോംപ്ലക്സുകൾ നിർമ്മിക്കുവാൻ നടപടികൾ, പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ കാര്യാലയങ്ങളുമായി യോജിച്ച് കൂടുതൽ വ്യവസായത്തിനുതകുന്ന സ്ഥലം കണ്ടെത്തൽ.<br>12. സംരംഭകത്വ വികസനത്തിനായി ഹൈസ്കൂൾ/കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലബുകൾ ആരംഭിച്ചിട്ടുണ്ട്.<br>13. കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർ ഡെവലപ്പ്മെന്റ് വഴി നിരവധി പരിശീലനങ്ങൾ വ്യവസായ സംരംഭകർക്കായി നൽകി വരുന്നു.<br>സംരംഭകത്വ സഹായ പദ്ധതി എന്ന പദ്ധതി 2012 ഏപ്രിൽ 1 മുതൽ നിലവിൽ വന്നു. ആയത് പ്രകാരം (എ) സ്റ്റാർട്ട് അപ് സപ്പോർട്ട് (ബി) ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് (സി) ടെക്നോളജി ആന്റ് സ്കിൽ അപ്ഗ്രഡേഷൻ സപ്പോർട്ട് എന്നീ 3 തലങ്ങളിൽ വ്യവസായ സംരംഭകർക്ക് ഗ്രാന്റായി സഹായം നൽകി വരുന്നു. |
| (സി) | വരും വർഷങ്ങളിൽ എത്രത്തോളം വ്യാവസായിക വളർച്ച കൈവരിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | പരമാവധി വളർച്ച കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു.<br>വ്യാവസായിക വളർച്ച കൈവരിക്കാൻ ലക്ഷ്യമിട്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ തുറമുഖ വിമാനത്താവള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ വികസന മേഖല സ്ഥാപിക്കുന്നതിനും, ആയുർവേദത്തിന് അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ട്. |

**സെക്ഷൻ ഓഫീസർ**